# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -6395 — 08.11.2016 ൽ മറുപടിയ്ക്ക്

## പോലീസ് നിയമനത്തിന് കൈക്കൂലി

| **ചോദ്യം**<br>ശ്രീ.ഡി.കെ.മുരളി | **ഉത്തരം**<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ പോലീസ് നിയമനത്തിൽ കൈക്കൂലി വാങ്ങി എന്ന കേസിൽ ശ്രീമതി ശരണ്യ, കറത്തറയിൽ പാന്നൂർ, പല്ലന.പി.ഒ., എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തിരുന്നുവോ; | (എ) അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) ടിയാളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ; അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണം നടത്തുന്നത് ആരാണ്; | (ബി) കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി. ശരണ്യ എന്നയാൾ പ്രതിയായ 34 കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചു വരുന്നു. 18 കേസുകൾ ക്രൈംബ്രാഞ്ച് ആന്റി പൈറസി സെൽ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ.എം.ഇക്ബാലും 16 കേസുകൾ ക്രൈംബ്രാഞ്ച് സ്റ്റാറ്റ്സ് ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ.എം.രാധാകൃഷ്ണൻ നായരും അന്വേഷിച്ചുവരുന്നു. |
| (സി) ടി വിഷയം സംബന്ധിച്ച് എത്ര കേസുകൾ എടുത്തിട്ടുണ്ട്; പ്രഥമദൃഷ്ട്യായുള്ള അന്വേഷണത്തിൽ ആരുടെയെങ്കിലും പേര് പോലീസിന് നൽകിയിരുന്നുവോ; എങ്കിൽ അത് ആരുടെ പേരാണെന്നു വ്യക്തമാക്കുമോ; | (സി) ടി വിഷയവുമായി ബന്ധപ്പെട്ട് 34 കേസുകൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിക്കുന്നു. അന്വേഷണത്തിൽ ശരണ്യ, അജിത, സുരേന്ദ്രൻ, പ്രദീപ്, ശംഭു, രാജേഷ്, സുധി, പ്രദീപ്(സിവിൽ പോലീസ് ഓഫീസർ) , നൈസൽ എന്നിവർ ടി കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിവായിട്ടുണ്ട്. |
| (ഡി) ഹരിപ്പാട് കോടതിയിൽ സി.ആർ.പി.സി. 164 പ്രകാരം സ്റ്റേറ്റ്മെന്റ് നൽകിയിരുന്നുവോ; പ്രസ്തുത സ്റ്റേറ്റ്മെന്റ് വ്യക്തമാക്കാമോ? | (ഡി) നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ